Vol. II, N0:2
15-01-2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

**പ്രധാനവാർത്തകൾ**

01. ക്ലസ്റ്റർ കോളേജ് : സംശയങ്ങളേറെ, ചർച്ചകൾ അനിവാര്യം.
02. എയ്ഡഡ് കോളേജുകളെ തകർക്കാൻ ആസൂത്രിത ശ്രമം: ഇന്റർ ചർച്ച് കൗൺസിൽ.
03. ധാർമികതയില്ലാത്ത വിദ്യാഭ്യാസം നാടിനാപത്ത്: മാർ പവ്വത്തിൽ
04. ആഗോളവൽക്കരണ വെല്ലുവിളികൾ വിദ്യാഭ്യാസം കൊണ്ടു നേരിടണം
05. പാവപ്പെട്ടവന്റെ അവകാശസംരക്ഷണം സഭയുടെ മുഖമുദ്ര
06. ക്രൈസ്തവ മിഷണറിമാരുടെ സേവനം അവഗണിക്കപ്പെട്ടവർക്ക് അനുഗ്രഹം.
07. സഭാ നേതൃത്വം തൊഴിലാളി സംഘടനാ പ്രവർത്തനത്തിന്
08. കുറഞ്ഞ വരുമാനക്കാർക്ക് കോടതി ഫീസ് ഇളവിന് തത്വത്തിൽ അംഗീകാരം

## 01. ക്ലസ്റ്റർ കോളേജ് : സംശയങ്ങളേറെ, ചർച്ചകൾ അനിവാര്യം.

(കെ.സി.ബി.സി. ഐക്യ-ജാഗ്രതാ കമ്മീഷൻ)

ഉന്നത വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ ഭാഗമായ ക്ലസ്റ്റർ കോളേജുകളുടെ രൂപീകരണം വളരെയധികം സംശയങ്ങൾക്ക് ഇടനൽകുന്നതാണെന്നും സമഗ്രമായ ചർച്ചകൾ അനിവാര്യമാണെന്നും ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ അഭിപ്രായപ്പെട്ടു. അഞ്ച് മുതൽ പത്ത് വരെ കോളേജുകളെ ഉൾപ്പെടുത്തി രൂപീകരിക്കുന്നതാണ് ക്ലസ്റ്റർ കോളേജുകൾ. ലഭ്യമായ അറിവനുസരിച്ച് ഈ കോളേജുകളുടെ നിയന്ത്രണം ഏൽപ്പിക്കുന്നത് ഗവൺമെന്റ് കോളേജുകളെയാണ്. അംഗങ്ങൾ ധാരണാപത്രത്തിൽ ഒപ്പിടണമെന്ന് നിർദ്ദേശിക്കുമ്പോൾ അംഗങ്ങളാകുന്ന കോളേജുകൾക്ക് സ്വമേധയാ ക്ലസ്റ്റർ കോളേജിൽ മെംബർ ആകുവാനും ആവശ്യം വന്നാൽ പുറത്തു പോകുവാനും സ്വാതന്ത്ര്യം ഉണ്ടോ എന്ന് വ്യക്തമല്ല. ക്ലസ്റ്റർ കോളേജുകളുടെ രൂപീകരണം കോളേജുകളുടെ തനതായ വ്യക്തിത്വത്തെ സാരമായ രീതിയിൽ ബാധിക്കും. ഓരോ കോളേജുകളും വളർന്നു വന്ന ചരിത്ര പശ്ചാത്തലമാണ് ആ കോളേജുകളെ മുമ്പോട്ട് കൊണ്ടു പോകേണ്ടത്. വ്യക്തിഗത കോളേജിന്റെ വളർച്ചയെ ഇല്ലാതാക്കികൊണ്ടല്ല ക്ലസ്റ്റർ കോളേജുകൾ രൂപീകരിക്കേണ്ടത്. ലാബോറട്ടറി, ലൈബ്രറി, ഓഡിറ്റോറിയം, ഗ്രൗണ്ട് എന്നിവ ഓരോ കോളേജിന്റെയും സ്വന്തമായ സ്വത്താണ്. അത് പൊതുസ്വത്താക്കി മാറ്റുമ്പോൾ കോളേജുകളുടെ അച്ചടക്കത്തെ ബാധിക്കും. അധ്യാപകരെ കൈമാറണമെന്ന് നിഷ്കർഷിക്കുമ്പോൾ രാഷ്ട്രീയ പശ്ചാത്തലമുള്ളവരും, ഈശ്വരവിശ്വാസമില്ലാത്തവരുമായ അധ്യാപകർ നല്ല രീതിയിൽ നടക്കുന്ന കോളേജുകളിലേക്ക് വരാൻ കാരണമാകും. അത് കോളേജിന്റെ മൂല്യതകർച്ചയ്ക്കും രാഷ്ട്രീയവൽക്കരണത്തിനും കാരണമാകും-കമ്മീഷൻ സെക്രട്ടറി പറഞ്ഞു.

ക്ലസ്റ്റർ കോളേജുകൾ ഒരിക്കലും ഒട്ടോണമസ് (Autonomus) കോളേജുകൾക്ക് പകരമാവില്ല. കേരളത്തിലെ നല്ല കോളേജുകൾക്ക് ഓട്ടോണമസ് പദവി നൽകണം. ഓട്ടോണമസ് കോളേജുകളുടെ നല്ല പ്രവർത്തനങ്ങൾക്കായി യു.ജി.സി.യിൽ നിന്ന് ലഭിക്കാവുന്ന കോടിക്കണക്കിന് രൂപയാണ് കേരളസർക്കാർ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ക്ലസ്റ്റർ കോളേജുകൾ ഫലത്തിൽ കോളേജുകളുടെ വ്യക്തിത്വം നശിപ്പിക്കുന്നു. മാനേജ്മെന്റിന്റെയും സ്റ്റാഫിന്റെയും തനിമയും അധികാരവും എടുത്ത് കളയുന്നു. സ്വകാര്യ കോളേജുകൾക്ക് പുതിയ കോഴ്സ് അനുവദിക്കാത്തത് തികച്ചും തിരിച്ചുവ്യത്യാസമാണ്. സർക്കാരിന്റെ വിദ്യാഭ്യാസമേഖലയിലെ സർവ്വാധിപത്യമാണ് വിദ്യാഭ്യാസ പുരോഗതിയുടെ അടിസ്ഥാനമെന്ന് ചിന്തിക്കുന്നത് തെറ്റാണ്. ആയതിനാൽ ക്ലസ്റ്റർ കോളേജുകളുടെ പ്രവർത്തനം തുടങ്ങുന്നതിനു മുമ്പ് തന്നെ സമഗ്രമായ ചർച്ചകൾ വഴി സംശയങ്ങൾ ദൂരീകരിക്കുവാൻ സർക്കാർ മുൻകയ്യെടുക്കണമെന്ന് കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പറഞ്ഞു.

02. **എയ്ഡഡ് കോളേജുകളെ തകർക്കാൻ ആസൂത്രീത ശ്രമം: ഇന്റർ ചർച്ച് കൗൺസിൽ**. ദീപിക 5-1-2008

ഉന്നത വിദ്യാഭ്യാസ രംഗത്ത് അനൗദ്യോഗിക ദേശസാത്കരണത്തിന്റെ പദ്ധതികളാണ് ഉന്നതവിദ്യാഭ്യാസസമിതിയുടെ നിർദേശങ്ങളിൽ കാണാൻ കഴിയുന്നതെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷന്റെ വക്താവ് പ്രസ്താവിച്ചു. വിദ്യാഭ്യാസരംഗത്ത് സർക്കാരിന്റെ സർവാധിപത്യത്തിലൂടെ മികവുണ്ടാക്കാമെന്ന മിഥ്യാധാരണയാണ് സമിതിയെ ഭരിക്കുന്നതായി കാണുന്നത്. വിദ്യാഭ്യാസരംഗത്ത് സ്റ്റേറ്റിന്റെ ഇടപെടൽ പരമാവധി കുറവായിരിക്കണമെന്ന വിദ്യാഭ്യാസ വിചക്ഷണനും ഇന്ത്യയുടെ പ്രശസ്തനായ രാഷ്ട്രപതിയുമായ ഡോ. രാധാകൃഷ്ണനെപ്പോലെയുള്ളവരുടെ നിലപാടുകൾക്ക് ഘടകവിരുദ്ധമായ നീക്കങ്ങളാണ് സമിതി നിർദേശിക്കുന്നത്. ഇതു യഥാർത്ഥത്തിൽ കേരളം നേടിയെടുത്ത വിദ്യാഭ്യാസപുരോഗതിയെ തകിടം മറിക്കുകയേ ഉള്ളൂ.

ഉന്നതവിദ്യാഭ്യാസരംഗത്ത് കോളേജുകൾക്കും മറ്റും കൂടുതൽ സാധ്യതകളും സ്വാതന്ത്ര്യവും നൽകാനും ഓട്ടോണമസ് കോളേജുകൾക്ക് രൂപം നൽകി യു.ജി.സിയുടെ സഹായം ഉപയോഗിച്ച് മികച്ച കലാലയങ്ങളെ വളർത്താൻ ശ്രമിക്കുന്നതിനു പകരം കോളേജുകളുടെ ക്ലസ്റ്ററുകൾക്കു രൂപം നല്കുകയെന്ന ചെപ്പടി വിദ്യയാണ് സമിതി മുന്നോട്ടു വയ്ക്കുന്നത്. പ്രായോഗികരംഗത്ത് നിസ്സാരമായ സാധ്യതകൾ മാത്രമാണ് ഈ സംവിധാനം നൽകുന്നത്. സമുദായംഗങ്ങളുടെ കഠിനാധ്വാനം കൊണ്ട് കെട്ടുതെങ്ങും പിടിയരിയും പിരിച്ച് ഉണ്ടാക്കിയെടുത്ത എയ്ഡഡ് കോളേജുകളിലെ സൗകര്യങ്ങൾ ക്ലസ്റ്ററുകൾക്ക് രൂപം കൊടുത്തു സർക്കാർ കോളേജുകൾക്കു ലഭ്യമാക്കാൻ ആവേശം കാണിക്കുന്ന സമിതി പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിലും അധ്യാപകരേയും അനധ്യാപകരേയും നല്കുന്ന കാര്യത്തിലും എയ്ഡഡ് കോളേജുകളെ പാടേ അവഗണിക്കുന്നു. ഈ കോളേജുകളെ തന്ത്രപൂർവ്വം ചൂഷണം ചെയ്യാനും നശിപ്പിക്കാനുമുള്ള ശ്രമമാണ് ചില നിർദേശങ്ങളിൽ കാണുന്നത്. മാനേജ്മെന്റിന്റെ അവകാശങ്ങൾ, പ്രത്യേകിച്ചും ന്യൂനപക്ഷങ്ങളുടെ മാനേജ്മെന്റുകളുടെ അവകാശാധികാരങ്ങൾ പരിമിതപ്പെടുത്തുന്നതും കൈയേറുന്നതുമായ പദ്ധതികളാണ് സമിതി മുന്നോട്ടു വയ്ക്കുന്നത്. സ്വാശ്രയ കോളേജുകളിലെ അധ്യാപകനിയമനത്തിൽ ഭരണഘടനാവിരുദ്ധമായ കൈകടത്തലുകൾ ഒരിക്കലും അംഗീകരിക്കില്ല. സർക്കാർ കോളേജുകളിൽ പലതിലും നിലനിൽക്കുന്ന അരാജകാവസ്ഥയും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഇടയിലുള്ള രാഷ്ട്രീയ അതിപ്രസരവും അച്ചടക്കരാഹിത്യവും കോളേജുകളുടെ ക്ലസ്റ്ററുകളിലൂടെ മറ്റു കോളേജുകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള ശ്രമം അംഗീകരിക്കില്ലെന്ന് വക്താവ് വ്യക്തമാക്കി.

പുതിയ സ്വാശ്രയ കോഴ്സുകൾ സർക്കാരിന്റെ സ്വാശ്രയകോളേജുകളിൽ മാത്രമേ അനുവദിക്കാവൂ എന്ന നിർദേശം എയ്ഡഡ് കോളേജുകളോടുള്ള കടുത്ത വിവേചനത്തിന്റെ തെളിവാണ്. കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഗുണമേൻമയുള്ള വിദ്യാഭ്യാസം നൽകുന്ന എയ്ഡഡ് കോളേജുകളെ തകർക്കാനുള്ള ആസൂത്രിതമായ ശ്രമങ്ങളാണ് പല നിർദേശങ്ങളുടെയും പിന്നിൽ കാണാൻ കഴിയുന്നതെന്നും പ്രസ്താവനയിൽ പറയുന്നു.

03. **ധാർമ്മികതയില്ലാത്ത വിദ്യാഭ്യാസം നാടിനാപത്ത്: മാർ പവ്വത്തിൽ** ദീപിക 4-1-2008

ധാർമ്മികതയ്ക്ക് ഊന്നൽ നല്കാത്ത വിദ്യാഭ്യാസ പരിഷ്കരണം സമൂഹത്തെ തകർക്കുമെന്നു മാർ ജോസഫ് പവ്വത്തിൽ. കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ നൽകുന്ന പോപ്പ് ജോൺ പോൾ പുരസ്കാരം ചെറുപുഷ്പം മിഷൻ ലീഗ് സ്ഥാപക നേതാവായ പി.സി. ഏബ്രാഹം പുല്ലാട്ടുകുന്നേലിനും (കുഞ്ഞേട്ടൻ), ബി.സി.എം കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ ഡോ. കരുണയ്ക്കും സമ്മാനിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണഘടനയിൽ മതസ്വാതന്ത്ര്യവും ന്യൂനപക്ഷസ്വാതന്ത്ര്യവും വ്യക്തമായി പറഞ്ഞിട്ടുണ്ട്. വിദ്യാലയങ്ങൾ സ്ഥാപിക്കാനും നടത്താനും ക്രൈസ്തവസഭകൾക്ക് അവകാശമുണ്ട്. മതവിശ്വാസത്തെ വിഭാഗീയതയും വർഗീയതയുമായി വളച്ചൊടിക്കുന്ന പ്രവണതയാണ് കണ്ടു വരുന്നത്. ക്രൈസ്തവസഭാ സ്ഥാപനങ്ങളിൽ വർഗീയതയില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

04. **ആഗോളവൽക്കരണ വെല്ലുവിളികൾ വിദ്യാഭ്യാസം കൊണ്ടുനേരിടണം: ആർച്ച് ബിഷപ്.**

മലയാള മനോരമ 6-1-2008

വിദ്യാഭ്യാസം സാമുദായിക-സാമൂഹിക നവോത്ഥാനത്തിന് എന്ന മുദ്രാവാക്യവുമായി വരാപ്പുഴ അതിരൂപതയുടെ വിദ്യാഭ്യാസ പരിപാടിക്കു തുടക്കമായി. ആർച്ച് ബിഷപ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ ഉദ്ഘാടനം ചെയ്തു. ആഗോളവൽക്കരണ കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടാൻ പുതിയ തലമുറ വിദ്യാഭ്യാസം കൊണ്ട് കരുത്താർജ്ജിക്കേണ്ടതുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കിട്ടി. സമുദായത്തെ ശക്തിപ്പെടുത്തുന്നതിനും വിദ്യാഭ്യാസമുള്ള തലമുറ വളരണം. സാമ്പത്തികബുദ്ധിമുട്ട് ഉൾപ്പെടെ ഒരു പരിമിതിയും മികച്ച വിദ്യാഭ്യാസം ലഭ്യമാകുന്നതിന് തടസ്സമാകരുത്. ഈ വിഷയം സഭാ വിശ്വാസികൾ മുഴുവൻ കൂട്ടായ യജ്ഞമായി ഏറ്റെടുക്കണം. ആർച്ച് ബിഷപ് പറഞ്ഞു. അദ്ദേഹം വിദ്യാദീപം തെളിയിച്ചു.

സഹായ മെത്രാൻ ജോസഫ് കാരിക്കശ്ശേരി സന്ദേശം നൽകി. ലൂർദ് ആശുപത്രി അസോഷ്യറ്റ് ഡയക്ടർ ഫാ. സാബു നെടുനിലത്ത് പ്രവർത്തനരൂപരേഖ അവതരിപ്പിച്ചു. അതിരൂപത, ഇടവക, സ്ഥാപനം എന്നീ നിലകളിൽ നടപ്പാക്കേണ്ട വ്യത്യസ്ഥമായ കാര്യപരിപാടികളാണ് വിദ്യാഭ്യാസവർഷത്തിന്റെ ഭാഗമായി രൂപം നൽകിയിരിക്കുന്നത്.

05. **പാവപ്പെട്ടവന്റെ അവകാശസംരക്ഷണം സഭയുടെ മുഖമുദ്ര: ആർച്ച് ബിഷപ്** ദീപിക 6-1-2008

പാവപ്പെട്ടവന്റെ അവകാശ സംരക്ഷണമാണ് ഭവനപുനരുദ്ധാരണ പദ്ധതിയിലൂടെ സീറോ മലബാർ സഭ നടപ്പാക്കുന്നതെന്ന് ഓസ്ട്രേലിയയിലെ കാൻബറാ-ഗോൾബേൺ ആർച്ച് ബിഷപ് ഡോ. മാർക്ക് കോൾറിഡ്ജ്. കലൂർ റിന്യുവൽ സെന്ററിൽ നടന്ന സീറോ മലബാർ സഭയുടെ എറണാകുളം-അങ്കമാലി അതിരൂപതാ സന്നദ്ധസംഘടനയായ എറണാകുളം വെൽഫെയർ സർവീസസിന്റെ സഹൃദയോൽസവത്തിൽ ഭവന പുനരുദ്ധാരണ പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച് ബിഷപ്. രാഷ്ട്രീയ-സാമ്പത്തിക ഇടപെടലല്ല ദൈവത്തിന്റെ പ്രവർത്തനമാണ് സീറോ മലബാർ സഭയുടേതെന്നും അദ്ദേഹം പറഞ്ഞു. കേരളസഭയുടെ പ്രവർത്തനങ്ങൾ ജീവസുറ്റതാണ്. ദൈവത്തിന്റെ സ്നേഹമാണ് സഭ, ഭവനപുനരുദ്ധാരണ പദ്ധതിയിലൂടെ നടപ്പാക്കുന്നത്. പാവപ്പെട്ടവനോട് മുഖം തിരിക്കുന്നതല്ല സഭയുടെ പ്രവർത്തനം-ആർച്ച് ബിഷപ് പറഞ്ഞു.

കഷ്ടപ്പെടുന്നവരെ സഹായിക്കുന്നതിലൂടെ ജീവിത സാഫല്യം കണ്ടെത്തണമെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്ത സീറോ മലബാർ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ആഹ്വാനം ചെയ്തു. അർഹിക്കുന്നവർക്ക് സഹായം ചെയ്യാൻ കഴിയുന്ന സംഘടനയാണ് എറണാകുളം വെൽഫെയർ സർവീസസ്. പ്രാർത്ഥന-വിശ്വാസജീവിതത്തിനും പാവങ്ങളെ സഹായിക്കുവാനും ഏവരും ശ്രദ്ധ ചെലുത്തണം. പാവങ്ങളെ സഹായിക്കുന്നതു തന്നെ ദൈവത്തെ സ്നേഹിക്കുന്ന പ്രവർത്തനമാണ്-കർദ്ദിനാൾ പറഞ്ഞു.

06. **ക്രൈസ്തവ മിഷണറിമാരുടെ സേവനം അവഗണിക്കപ്പെട്ടവർക്ക് അനുഗ്രഹം: കേന്ദ്രമന്ത്രി.**

ദീപിക 3-1-2008

ക്രൈസ്തവമിഷണറിമാരുടെ നിസ്വാർത്ഥസേവനം ദരിദ്ര, അസംഘടിത വിഭാഗത്തിന് അനുഗ്രഹമാണെന്നു കേന്ദ്രമന്ത്രി സുബോധ്കാന്ത് സഹായ്. മലങ്കര കത്തോലിക്കാസഭയുടെ കീഴിലുള്ള മലങ്കര സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന ജീവകാരുണ്യപ്രവർത്തനമായ കർമോത്സവം-2008 ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ആദിവാസി മേഖലകളിൽ വേദന അനുഭവിക്കുന്നവർക്കായി സമർപ്പിതജീവിതം നയിക്കുന്ന മിഷണറിമാരാണു രാജ്യത്തിന്റെ വികസനത്തിൽ മുഖ്യ പങ്ക് വഹിക്കുന്നവർ. സർക്കാരിനും സംഘടനകൾക്കും ചെയ്യാനാവാത്തതു മിഷണറിമാർ ചെയ്യുന്നു. ക്രൈസ്തവ സഭ ജീവകാരിണ്യപ്രവർത്തനത്തിന് എത്രമാത്രം ഊന്നൽ നൽകുന്നെന്നതിന്റെ തെളിവാണ് മലങ്കര സോഷ്യൽ സർവീസ് സൊസൈറ്റി.

സ്ത്രീശാക്തീകരണം, ഗ്രാമവികസനം, വിദ്യാഭ്യാസം എന്നിവയിൽ സൊസൈറ്റിയിലൂടെ ജീവകാരുണ്യപ്രവർത്തനമാണ് തെളിയുന്നത്. രാജ്യത്തിനു മുഴുവൻ ഈ സേവനം ലഭ്യമാക്കണം. 3500 സ്വാശ്രയസംഘങ്ങളിലൂടെ, 35000 കുടുംബങ്ങൾ അനുഗ്രഹം നേടുമ്പോൾ ഗ്രാമങ്ങളുടെയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും വികസനത്തിന് സംഘടന ഊന്നൽ നല്കുന്നെന്ന് വ്യക്തമാകുന്നതായി അദ്ദേഹം പറഞ്ഞു. മേജർ ആർച്ച് ബിഷപ് മാർ ക്ലീമിസ് കാതോലിക്കാബാവ അധ്യക്ഷത വഹിച്ചു. സൊസൈറ്റിയുടെ ജീവകാരുണ്യപ്രവർത്തനത്തിലൂടെ പുതിയൊരു സാമൂഹ്യബന്ധം സൃഷ്ടിക്കാൻ സഭയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് കാതോലിക്കാബാവ ചൂണ്ടിക്കാട്ടി. ജനങ്ങളുടെ അഭിവൃദ്ധിയാണ് സഭയുടെ ലക്ഷ്യം. 70,000 വരുന്ന വലിയ സഹകാരികളുടെ പിന്തുണയാണ് സൊസൈറ്റി നേടിയിരിക്കുന്നത്. ഗ്രാമങ്ങളിലെ നാനാജാതി മതസ്ഥരായ കുടുംബങ്ങളെ ഒന്നിച്ച് ശക്തമാക്കാൻ സൊസൈറ്റി നേതൃത്വം നൽകുന്നു-കാതോലിക്കാബാവ പറഞ്ഞു. മന്ത്രി എം. വിജയകുമാർ മുഖ്യ പ്രഭാഷണം നടത്തി. നെഹ്റുയുവ കേന്ദ്ര വൈസ്ചെയർമാൻ കൊടിക്കുന്നേൽ സുരേഷ്, നബാർഡ് ചീഫ് ജനറൽ മാനേജർ ഭവർപുരി, എഫ്സിഐ എക്സിക്യൂട്ടീവ് ഡയറക്ടർ എ.എസ്. ചബ്രാ, ജോൺസൺ എബ്രാഹം എന്നിവർ പ്രസംഗിച്ചു. ചീഫ് വികാരി ജനറാൾ ജയിംസ് പാറവിള മെമന്റോ സമ്മാനിച്ചു. വികാരി ജനറാൾ ഡോ. സാമുവൽ കാട്ടുകല്ലേൽ സ്വാഗതവും എംഎസ്എസ് ഡയറക്ടർ ഫാ. വിൽസൺ തട്ടാരുതുണ്ടിയിൽ നന്ദിയും പറഞ്ഞു. പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച് ആറു കർമപരിപാടികളാണ് നടപ്പാക്കുന്നതെന്ന് ഡയറക്ടർ വിൽസൺ തട്ടാരുതുണ്ടിയിൽ പറഞ്ഞു. 75 പാവപ്പെട്ട കുടുംബങ്ങൾക്ക് ഭവനനിർമാണ സഹായം നൽകുന്ന അഭയനിധി, 75 നിർധനരായ കുട്ടികൾക്ക് വിവാഹസഹായം നൽകുന്ന പ്രകാശനിധി, പഠിക്കാൻ മിടുക്കരായ പാവപ്പെട്ട കുട്ടികൾക്ക വിദ്യാഭ്യാസസഹായം നൽകുന്ന വിദ്യാനിധി, ചികിത്സാസഹായം നൽകുന്ന ജീവനിധി, ആൺകുട്ടികൾക്കുള്ള

താമസസൗകര്യം ഒരുക്കുന്ന ബെത്‌ലേഹം, പാവപ്പെട്ട മൈക്രോഇൻഷ്യൂറൻസ് പരിരക്ഷ നൽകുന്ന ജീവൻസുരക്ഷ എന്നിവയാണ് നടപ്പാക്കുന്നത്.

07. **സഭാ നേതൃത്വം തൊഴിലാളി സംഘടനാ പ്രവർത്തനത്തിന്.** മാധ്യമം 6-1-2008

ക്രൈസ്തവ സഭാ നേതൃത്വം തൊഴിലാളി സംഘടനാപ്രവർത്തനത്തിൽ ചുവടുറപ്പിക്കുന്നു. കേരള കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ (കെ.സി.ബി.സി) കീഴിൽ കേരള ലേബർ മൂവ്മെന്റ് എന്ന പേരിലാണ് തൊഴിലാളി സംഘടന രൂപവത്കരിച്ചിരിക്കുന്നത്. അസംഘടിത തൊഴിലാളികളെയാണ് പ്രാഥമികമായും ലക്ഷ്യം വയ്ക്കുന്നതെങ്കിലും നിർമാണമേഖലയിലടക്കം സംഘടിതതൊഴിലാളികൾക്കിടയിലും പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി തുടങ്ങയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്വതന്ത്രനിർമാണ തൊഴിലാളി യൂണിയനെന്ന (എസ്.എൻ.ഡി.യു) നിർമാണ തൊഴിലാളി സംഘടന രജിസ്റ്റർ ചെയ്തു. രഹസ്യ സ്വഭാവത്തിലാണ് പ്രവർത്തനമെങ്കിലും കണ്ണൂർ, കോഴിക്കോട്, എറണാകുളം, തൃശൂർ ജില്ലകളിൽ ഇതിന്റെ ഘടകങ്ങളായി കഴിഞ്ഞു. തോട്ടം തൊഴിലാളികൾക്കിടയിലും വീട്ടുവേലക്കാർക്കിടയിലും സെയിൽസ് ഗേളുകൾക്കിടയിലും സ്വാശ്രയസംഘങ്ങൾ രൂപീകരിച്ചാണ് സംഘടനയെ ശക്തിപ്പെടുത്തുന്നത്. സംസ്ഥാനവ്യാപകമായി 1010 സ്വാശ്രയസംഘങ്ങളായി 20,000-ഓളം പേരെ ലേബർ മൂവ്മെന്റിൽ അംഗങ്ങളാക്കിയിട്ടുണ്ടെന്ന് പ്രസിഡന്റ് ജോസഫ് ജൂഡ് പറഞ്ഞു. വീട്ടുജോലിക്കാർക്കിടയിൽ രൂപവത്കരിച്ച ഡൊമസ്റ്റിക് വർക്കേഴ്സ് മൂവ്മെന്റിൽ മാത്രം 10,000-ലധികം അംഗങ്ങളുണ്ട്.

ഏജൻസികളുടെ ചൂഷണത്തിൽ നിന്ന് തൊഴിലാളികളെ രക്ഷിക്കാൻ നടപടി എടുത്തുകൊണ്ടാണ് സംഘടനയിലേക്ക് അംഗങ്ങളെ ആകർഷിക്കുന്നത്. വേലക്കാരെ വിതരണം ചെയ്യുന്ന ഏജൻസികൾ ശമ്പളത്തിന്റെ വിഹിതം കൈക്കലാക്കുന്നത് തടയാൻ സംഘടനയിലുള്ള അംഗങ്ങളെ കമ്മീഷൻ വാങ്ങാതെ വിതരണം ചെയ്യുന്ന രീതിയാണ് കൈകൊണ്ടിരിക്കുന്നത്. 29 കത്തോലിക്കാ രൂപതകളിൽ 19 എണ്ണത്തിന്റെ കീഴിലും കെ.എൽ.എം നിലവിൽ വന്നു കഴിഞ്ഞു. സംഘടനാ പ്രവർത്തനം വ്യാപിപ്പിക്കാനും ഭാവി പരിപാടികളുടെ ആസൂത്രണത്തിനും മൂന്ന് ദിവസത്തെ വൈദികസമ്മേളനം കൊച്ചിയിൽ സംഘടിപ്പിച്ചിട്ടുണ്ട്.

08. **കുറഞ്ഞ വരുമാനക്കാർക്ക് കോടതി ഫീസ് ഇളവിന് തത്വത്തിൽ അംഗീകാരം.** മാതൃഭൂമി 5-1-2008

സംസ്ഥാനത്ത് 50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് കോടതി ഫീസ് ഒഴിവാക്കാൻ സർക്കാർ തത്വത്തിൽ അംഗീകാരം നൽകി. വൈകാതെ വിജ്ഞാപനം പുറപ്പെടുവിക്കുമെന്ന് സംസ്ഥാന ലീഗൽ സർവീസസ് അതോറിച്ചി (കെൽസ) എക്സിക്യൂട്ടീവ് ചെയർമാൻ ജസ്റ്റിസ് ജെ.ബി. കോശി പത്രസമ്മേളനത്തിൽ അറിയിച്ചു. വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന അദാലത്തുകൾ കെൽസയുടെ സഹകരണത്തോടെ തീർപ്പിന് നിയമസാധ്യതയുള്ള അദാലത്തുകളാക്കി മാറ്റാൻ ശ്രമിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. കെൽസയുടെ നിയമസാക്ഷരത ക്ലബ്ബ്, കുടുംബശ്രീ പ്രവർത്തകരെ നിയമസഹായ സന്നദ്ധ പ്രവർത്തകരാക്കൽ എന്നീ രണ്ട് പുതിയ പദ്ധതികളെക്കുറിച്ച് വിശദീകരിക്കാൻ വിളിച്ച പത്രസമ്മേളനത്തിലാണ് ജസ്റ്റിസ് ജെ.ബി. കോശി ഇക്കാര്യം അറിയിച്ചത്. സുനാമി നഷ്ടപരിഹാരം അദാലത്ത് വഴി തീർപ്പാക്കിയ പരാതികളിലായി 3.63 കോടി രൂപ നഷ്ടപരിഹാരം നല്കിയിട്ടുണ്ട്. ജില്ലാ തല അദാലത്തുകൾ വഴി തീർപ്പാക്കിയ 14,000 കേസുകളിലായി 15.63 കോടി രൂപ നഷ്ടപരിഹാരമായും മറ്റും നൽകി. താലൂക്ക്തല അദാലത്തുകളിൽ 13,000 കേസുകളാണ് തീർപ്പാക്കിയത്.

ഇതുവഴി 12.5 കോടി രൂപ നൽകി. ഹൈക്കോടതിയിലെ ലീഗൽ സർവീസ് അതോറിട്ടി അദാലത്തിലൂടെ കോടതിയിലെത്തും മുമ്പുള്ള 136 കേസുകളും, ഹൈക്കോടതിയുടെ പരിഗണനയിലുള്ള 298 കേസുകളും തീർപ്പാക്കി. എല്ലാ സ്കൂളിലും ഒമ്പതാം ക്ലാസ് വിദ്യാർത്ഥികൾക്കും ആലപ്പുഴയിൽ ഒരു മണിക്കൂർ വീതവും കോളേജുകളിൽ രണ്ട് ദിവസത്തെയും കുടുംബശ്രീപ്രവർത്തകർക്ക് മൂന്ന് ദിവസത്തെയും നിയമ ബോധന പരിപാടികൾ കെൽസ നടത്തുന്നു. മജിസ്ട്രേറ്റ് കോടതികളിലും പോലീസ് സ്റ്റേഷനുകളിലും നിയമസഹായത്തിന് അഭിഭാഷകരെ നിയോഗിച്ചിട്ടുണ്ട്. കാരണം കൂടാതെ പോലീസ് പിടികൂടി സ്റ്റേഷനിൽ കൊണ്ടുവരുന്നവർക്കും മറ്റും നിയമ സഹായം നൽകാനാണിത്. രോഗം മാറിയിട്ടും വീട്ടുകാരെത്താത്തതിനാൽ മാനസീകരോഗാശുപത്രികളിൽ കഴിയേണ്ടിവരുന്നർക്ക് പുനരധിവാസ സൗകര്യം, എച്ച്.ഐ.വി ബാധിതർ നേരിടുന്ന വിവേചനം ഒഴിവാക്കാനുള്ള പരിശ്രമം തുടങ്ങിയവ അതത് ജില്ലാ ലീഗൽ സർവീസ് അതോറിട്ടി വഴി നൽകുന്നുണ്ട്.

കേസുകൾ കോടതിയിലെത്തി പെരുകുന്നതൊഴിവാക്കാൻ ഹൈക്കോടതിയിലും ജില്ലാതലത്തിലും മീഡിയേഷൻ സെന്ററുകളാണ് മറ്റൊരു പ്രവർത്തന മേഖല. ഇതിനായി അഭിഭാഷകരുൾപ്പെടെയുള്ളവർക്കാ 40 മണിക്കൂർ പരിശീലനം നൽകും. 24 മണിക്കൂർ സൗജന്യഹെൽപ്പ്ലൈനാണ് മറ്റൊരു സേവനം. 9846700100 ആണ് അടിയന്തര നിയമോപദേശം നൽകുന്ന ഈ ഹെൽപ്പ്ലൈനിന്റെ നമ്പർ.